പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.428 29.05.2019-ൽ മറുപടിക്ക് ഉണ്ടായിരുന്നത്**

**ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള നികുതി ചോർച്ച**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ കോംപോസിഷൻ രീതി തെരഞ്ഞെടുത്ത വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കുന്നതായുള്ള പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഇത്തരം പരാതികൾ പരിശോധിക്കുന്നതിനും ഉചിതമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ഇന്റലിജൻസ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി, വ്യാപാരികളും വ്യവസായികളും സർക്കാരിലേക്ക് കൃത്യമായി അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്താൻ ജി.എസ്.ടി. വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന നികുതി, വ്യാപാരികളും വ്യവസായികളും സർക്കാരിലേക്ക് കൃത്യമായി അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്താൻ ജി.എസ്.ടി.ആർ-1 ഉം ജി.എസ്.ടി.ആർ-3 ബിയും തമ്മിൽ താരതമ്യം ചെയ്തു നോക്കുന്നുണ്ട്. ഈടാക്കിയ നികുതി ഒടുക്കാത്ത വ്യാപാരികൾക്ക് ഡീഫാൾട്ടർ നോട്ടീസ് നൽകുന്നുണ്ട്. കൂടാതെ സെക്ഷൻ 62 പ്രകാരമുള്ള അസസ്സ്മെന്റിലേക്ക് നീങ്ങുകയും ചെയ്യുന്നു. നികുതി വെട്ടിപ്പ് തടയുന്നതിന് ബില്ല് വിതരണം ചെയ്യാത്ത കച്ചവടക്കാരെ കണ്ടെത്തുന്നതിനായി ടെസ്റ്റ് പർച്ചേസ് നടത്തിവരുന്നു. |
| (സി) | നികുതി കൃത്യമായി അടയ്ക്കാത്ത നികുതി ദായകർക്കെതിരെ ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്രയെണ്ണത്തിന് പിഴ ചുമത്തിയെന്നും അറിയിക്കാമോ; | (സി) | നികുതി കൃത്യമായി അടയ്ക്കാത്ത നികുതിദായകർക്കെതിരെ 30.04.2019 വരെ 284 കേസുകൾ രജിസ്റ്റർ ചെയ്യുകയും 210 പേർക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനയിൽ ഇ-വേ ബിൽ പരിശോധന കർശനമാക്കുന്നുണ്ടോ; ഇപ്പോൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം എങ്ങനെയാണ് നടക്കുന്നതെന്ന് വിശദീകരിക്കാമോ; | (ഡി)<br>യും<br>(ഇ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതോടു കൂടി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കി. അതിന് പകരം സർവ്വൈലൻസ് സ്ക്വാഡുകളെ അതിർത്തികളിൽ വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡുകൾ ഇ-വേ ബിൽ കൃത്യമായി |

| | | | |
|---|---|---|---|
| (ഇ) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിലെ കള്ളക്കടത്ത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപ പിഴ ഈടാക്കി എന്നറിയിക്കാമോ? | | പരിശോധന നടത്തുന്നുണ്ട്.<br>ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം അതിർത്തി ചെക്ക് പോസ്റ്റുകളിൽ കള്ളക്കടത്ത് തടയുന്നതിനായി എക്സൈസ് വകുപ്പ് വാഹന പരിശോധന ഊർജ്ജിതമാക്കിയിട്ടുള്ളതാണ്. അനധികൃത കടത്ത് അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി ഉണ്ടാകാതിരിക്കാൻ ചെക്ക് പോസ്റ്റിലെ നിലവിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ പരിശോധിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോൾ സംഘത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. സാധുവായ രേഖകളില്ലാതെ കടത്തിക്കൊണ്ട് വരുന്ന സാധനങ്ങൾ ജി.എസ്.ടി. വകുപ്പിന് കൈമാറി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഫലമായി 149 കേസ്സുകൾ കണ്ടെത്തി ജി.എസ്.ടി. വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി കേസ്സുകളിലായി 1,47,70,873/- രൂപ പിഴ ഈടാക്കിയിട്ടുള്ളതാണ്.<br>സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ സർവ്വൈലൻസ് ക്യാമറകൾ സ്ഥാപിച്ച്, ചരക്ക വാഹനങ്ങളെ നിരീക്ഷിക്കുവാനും ഈവേ ബില്ലുകൾ ഇല്ലാതെ വരുന്ന വാഹനങ്ങളെ പരിശോധിക്കുവാനുള്ള പദ്ധതി നടപ്പാക്കുന്നതാണ്. പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ വാളയാറിൽ ക്യാമറകൾ സ്ഥാപിച്ച് പൈലറ്റ് പ്രോജക്റ്റ് വിജയകരമായി നടപ്പാക്കുന്നുണ്ട്. |

Jasmi

**സെക്ഷൻ ഓഫീസർ**